**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2744** **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിനായി എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | **പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായം**<br><br>മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/-രൂപയിൽ താഴ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യസുരക്ഷാ പദ്ധതി പ്രകാരം 50,000/-രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ വരെ അനുവദിക്കുന്നു.<br><br>**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായം**<br><br>സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000/-രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സ നൽകി വരുന്നു. ചികിത്സാ ചെലവ് 50,000/-രൂപയിൽ അധികരിക്കുകയാ ണെങ്കിൽ സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവ് പ്രകാരം ചികിത്സാ ചെലവ് അനുവദിക്കുന്നു.<br><br>പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള രോഗികൾക്കും മറ്റു ദുരിതം അനുഭവിക്കുന്നവർക്കും വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം 1,00,000/- രൂപയിൽ താഴെ ആയിരിക്കണം ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം. ക്യാൻസർ, വൃക്കരോഗം, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ മാരകമായ രോഗ ചികിത്സയ്ക്ക് 1 ലക്ഷം രൂപ വരെയും മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50,000/-രൂപ വരെയും ധനസഹായം ഈ പദ്ധതി മുഖേന അനുവദിച്ച് വരുന്നു. 5000/-രൂപ വരെയുള്ള തുക പ്രൊജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ തലത്തിലും 25,000/-രൂപ വരെ ഡയറക്ടറേറ്റ് തലത്തിലും അതിനു മുകളിലുള്ള തുക സർക്കാർ തലത്തിലും അനുവദിച്ചു നൽകുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | **<u>പട്ടികജാതി വിഭാഗം</u>**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് **117,13,77,871**/- രൂപ (നൂറ്റി പതിനേഴ് കോടി പതിമൂന്ന് ലക്ഷത്തി എഴുപത്തിയേഴായിരത്തി എണ്ണൂറ്റി എഴുപത്തിയൊന്ന് രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.<br><br>**<u>പട്ടികവർഗ്ഗ വിഭാഗം</u>**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് **121,13,70,521**/-രൂപ (നൂറ്റി ഇരുപത്തിയൊന്ന് കോടി പതിമൂന്ന് ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| (സി) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച ചികിത്സാ ധനസഹായം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 63 പേർക്ക് **17,70,000**/-രൂപ (പതിനേഴ് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) അനുവദിച്ചു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ച ചികിത്സാ |

| | | | |
|---|---|---|---|
| | | | ധനസഹായം സംബന്ധിച്ച വിശദാംശം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2021-22 | 95 | 3,20,496/- |
| 2022-23 | 59 | 1,76,586/- |
| 2023-24 | 47 | 1,57,097/- |
| 2024-25 | 64 | 2,53,181/- |
| 2025-26 | 73 | 3,55,720/- |
| ആകെ | **338** | **12,63,080/-** |

Anju K.R

**സെക്ഷൻ ഓഫീസർ**